3. ചാലക്കയത്ത് വാഹനം പാർക്ക് ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള 5 ഹെകടർ സ്ഥലം ഒഴിവാക്കി പകരം നിലയ്ക്കലോ, രാമംപാറ, പ്ലാപ്പള്ളി എന്നിവിടങ്ങളിലോ, ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുക.

(ഡി) സന്നിധാനത്ത് ക്ഷേത്രവും അനുബന്ധകെട്ടിടങ്ങളും ഒഴികെ സ്ഥിരമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾ, നടപ്പന്തലുകൾ, കക്കൂസുകൾ എന്നിവയുടെ ആകെ തറവിസ്താരം ഏകദേശം 52, 000 സ്കയർ മീറ്ററായി കണക്കാക്കുന്നു.

(ഇ) വനംവകുപ്പും ദേവസ്വംബോർഡും തമ്മിൽ പൊതുവായ കരാറുകൾ ഒന്നും ഇല്ല. ഓരോ പദ്ധതിക്കും സ്ഥലം വിട്ടുകൊടുക്കുമ്പോൾ കരാർ വയ്ക്കാറുണ്ട്.

(എഫ്) വർക്ക് ഷോപ്പിനുവേണ്ടിയുള്ള അപേക്ഷ വനംവകുപ്പിന് ലഭിച്ചിട്ടില്ല. അങ്ങനെയുള്ള അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി ഈ കാര്യം പരിശോധിക്കുന്നതാണ്.

(ജി) എരുമേലി-ചാലക്കയം റോഡിന്റെ വികസനത്തിനായി പി.ഡബ്ല്യൂ.ഡി. സമർപ്പിച്ച പ്രൊപ്പോസൽ അപൂർണ്ണമായതിനാൽ പൂർണ്ണ വിവരങ്ങൾ പി. ഡബ്ല്യൂ.ഡി. യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

വനം വകുപ്പിന്റെ ബോധവൽക്കരണ ക്യാമ്പുകൾ

28(*234) ശ്രീമതി എൻ. കെ. രാധ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനം വകുപ്പിൽ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ബോധവൽക്കരണ ക്യാമ്പുകളുടെ പേരിൽ വമ്പിച്ച ധൂർത്ത് നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനങ്ങളുടെ അടുത്തുള്ള പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ക്യാമ്പ് നടത്തിപ്പിന്റെ ചെലവ് സന്നദ്ധസംഘടനകൾ വഹിക്കണമെന്ന് തീരുമാനിക്കുമോ ;

(ഇ) സന്നദ്ധസംഘടനകൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്

(ബി) ഇല്ല.

(സി) വന പ്രദേശങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് വനം വകുപ്പ് മുൻഗണന നൽകി വരുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

പഴം, പച്ചക്കറി സംസ്ക്കരണശാല

29 (*235) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് പഴം, പച്ചക്കറി സംസ്കരണശാല സ്ഥാപിക്കുന്നതിന് വേണ്ടി 50 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നോ ;

(ബി) ഇതിലേയ്ക്കായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന എന്തെങ്കിലും ബൃഹത് പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വെളിപ്പെടുത്താമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല. എന്നാൽ കെ. എച്ച്. ഡി. പി. യുടെ മൂവാറ്റുപുഴയിലെ ഫാക്ടറിയിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന കൈതച്ചക്ക പഴച്ചാറിന് വിദേശ വിപണി കണ്ടെത്താൻ സഹായിക്കാമെന്ന് ബോർഡ് സമ്മതിച്ചിട്ടുണ്ട്.

(ബി) ഡയറി ഡവലപ്മെന്റ് ബോർഡിന്റെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റോഡ്-സുരക്ഷാ ഉന്നതാധികാര സമിതി

30(*236) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി, 'നാറ്റ്പാക്' പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly